# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)1603/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/10/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)1603/22 തീയ്യതി: 07/10/2022

# എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-12-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മിനു പി കെ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ബബിത ബി കുമാർ, സീ. ഗ്രേ. ഓഡിറ്റർ
അനീഷ് ആർ, സീ. ഗ്രേ. ഓഡിറ്റർ,
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ ദീപക് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സോമൻ സി എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജയകുമാർ എ വി | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മീര റ്റി എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അനീഷ് ബേബി | മെഡിക്കൽ ഓഫീസർ സിഎച്ച്സി കടയിരുപ്പ് | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജിത്ത് എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി കടയിരുപ്പ് | 01-04-2021 | 31-03-2022 |
| ഡോ. സലീം വി കെ | മെഡിക്കൽ ഓഫീസർ ഗവ. ആയുർവേദ ഡിസ്പെൻസറി കടയിരുപ്പ് | 01-04-2021 | 31-03-2022 |
| വന്ദന വി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അബ്ദുൾ ലത്തീഫ് പി എം | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഹരികുമാർ എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഷീബ പി എം | എച്ച്.എം., ഗവ. യുപിഎസ് കടമറ്റം | 01-04-2021 | 31-03-2022 |
| ഫൈസൽ എ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| അനൂപ് പോൾ | വിഇഒ കടയിരുപ്പ് | 01-04-2021 | 31-03-2022 |
| ഐവി ഐസക് | വിഇഒ കോലഞ്ചേരി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 24-09-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 24-09-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 24-09-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: P.K.Minu (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 24-09-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-4 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Nabeel Muhammad Abbas (Auditor, On 26-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-10 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Nabeel Muhammad Abbas (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-11 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ സ്പോർട്സ് സെന്ററുകൾ<br>Written By: Nabeel Muhammad Abbas (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 01-10-2022) | 1-12 |
| 14 | തനതുഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം നൽകിയത് ക്രമീകരിക്കേണ്ടതാണ്<br>Written By: Aneesh R (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 01-10-2022) | 1-13 |
| 15 | കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള സബ്സിഡി - അപാകതകൾ<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-14 |
| 16 | പട്ടികാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് - ടെൻഡർ നടപടി സ്വീകരിച്ചില്ല<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-15 |
| 17 | എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - സ്കോളർഷിപ്പ് തുക അധികം | 1-16 |

| | | |
|---|---|---|
| | നൽകി<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | |
| 18 | കരാറുകാരന് അധികം തുക നൽകി.<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-17 |
| 19 | കാലി ബാരലിന്റ വിലയും ജി.എസ്.റ്റിയും ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-18 |
| 20 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-19 |
| 21 | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-20 |
| 22 | ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-20-1 |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-20-2 |
| 24 | പാലിയേറ്റീവ് കെയർ പദ്ധതി (സ്പിൽ ഓവർ)<br>Written By: Babitha B Kumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-20-3 |
| 25 | എസ്റ്റിമേറ്റ് ഇല്ലാതെ നിർവ്വഹണ ഏജൻസിക്ക് തുക നൽകി<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-21 |
| 26 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല.<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-22 |
| 27 | ചെലവഴിച്ച തുകയുടെ പ്രിന്റർ ലഭ്യമായില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-23 |
| 28 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - സ്കോളർഷിപ്പ് തുക അധികം നൽകി<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 3-1 |
| 2 | ടെണ്ടർ കുറവ് കാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ അധികം കണക്കാക്കി തുക നൽകി<br>Written By: P.K.Minu (Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 3-2 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Babitha B Kumar (Senior Grade Auditor, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Babitha B Kumar (Senior Grade Auditor, On 29-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 24-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 29-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh R (Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 26-09-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ കാര്യമായ അന്തരമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 202473701.00 | 197522000.00 |
| യഥാർത്ഥ കണക്ക് | 90418934.00 | 78617047.00 |
| വ്യത്യാസം | 112054767.00 | 118904953.00 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 17.06.2022 |

## 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ തീയതി 26.7.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 69017274.25 |
| ഓഡിറ്റ് വർഷത്തെ വരവ് | 90418934.00 |
| ആകെ | 159436208.25 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78617047.00 |
| നീക്കിയിരിപ്പ് | 80819161.25 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12175/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,55,088/-രൂപ |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 154 | 93346240 | 109 | 47559335 | 20 | 45 | 89 | 57.8 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 12556007 | 12556007 | 11596577 | | 959430 |
| വികസനഫണ്ട് -SCP | 0 | 7171592 | 7171592 | 7049526 | | 122066 |
| വികസനഫണ്ട്-TSP | 0 | 0 | 0 | 0 | | 0 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 20902740 | 20902740 | 9872410 | | 11030330 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 5202519 | 5202519 | 1615293 | | 3587226 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് -CFC Basic | 0 | 913983 | 913983 | 285045 | | 628938 |
| വികസനഫണ്ട് -CFC Tied | 0 | 2813526 | 2813526 | 556939 | | 2256587 |
| CFC Grant - Basic(Bank) (Untied) | 0 | 2528565 | 2528565 | 1958642 | 569923 | |
| CFC Grant- Tied(Bank) | 0 | 3694000 | 3694000 | 511732 | 3182268 | |
| ദുരിതാശ്വാസനിധി | 86174 | 50162 | 136336 | 72225 | 64111 | |
| ICDS | 989487 | 662688 | 1652175 | 1261936 | 390239 | |
| ARWSS | 234224 | 7045 | 241269 | 0 | 241269 | |
| ലൈബ്രറി ഗ്രാന്റ് | 0 | 17550 | 17550 | 17550 | | |
| സാക്ഷരത | 5469 | 164 | 5633 | 0 | 5633 | |
| ശുചിത്വമിഷൻ | 3630447 | 140000 | 3770447 | 850778 | 2919669 | |
| ടോട്ടൽ സാനിട്ടേഷൻ | 96474 | 0 | 96474 | 0 | 96474 | |
| പകർച്ചവ്യാധി നിയന്ത്രണം | 0 | 3182310 | 3182310 | 3182310 | 0 | |
| പകർച്ചവ്യാധി നിയന്ത്രണത്തിന് സംഭാവന | 0 | 50000 | 50000 | 50000 | 0 | |
| കാർഷികകർമ്മസേനയ്ക്ക് യാർഡ് നിർമ്മാണം | 1569 | 11262 | 12831 | 11262 | 1569 | |
| അങ്കണവാടി നെയിംബോർഡ് | 57000 | 0 | 57000 | 51387 | 5613 | |
| ബഡ്സ് ,വിമുക്തി | 1259340 | 0 | 1259340 | 0 | 1259340 | |
| LIFE സംസ്ഥാനവിഹിതം | 680000 | 1200000 | 1880000 | 1720000 | 160000 | |

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ തുക നല്കുന്നതിന് വികസനഫണ്ട് - ജനറൽ-ൽ നിന്നും 919800/- രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.
CFC Grant – Basic(Bank)ലെ വരവിൽ പലിശ (66,565/- രൂപ) ഉൾപ്പെടെയുള്ള തുകയാണ് കാണിച്ചിരിക്കുന്നത് (RP-31 ലെ വരവ്).

CFC Grant -Basic(Bank) ലെ ചെലവിൽ Capital Contribution ഇനത്തിലെ 16,23,356/- രൂപയും ബാങ്ക് പലിശയിനത്തിലെ 18/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്.
വാർഷിക ധനകാര്യപത്രികയിലെ Receipts & Payment Schedules Statement-ൽ ദുരിതാശ്വാസനിധിയുടെ വരവ്, ചെലവ് തുകകൾ തെറ്റായിട്ടാണ് കാണിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61442 | 326004 | 387446 | 375696 | 11750 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 14312771 | 14312771 | 14312771 | |
| ആകെ | 61442 | 14638775 | 14700217 | 14688467 | 11750 |

## 1-7 ക്ഷേമപദ്ധതികൾ

| പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 4473300 | 316 |
| വാർദ്ധക്യകാലപെൻഷൻ | 20720800 | 1506 |
| വിധവപെൻഷൻ | 11731100 | 789 |
| വികലാംഗപെൻഷൻ | 2221000 | 149 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 706800 | 44 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2022 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13924 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.2.2020 | ജനുവരി 2020 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.7.2016 | 2011-2012 മുതൽ 2015-2016 വരെ | 25.8.2016 |

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. വരവ് ഇനങ്ങൾ സംബന്ധിച്ചുള്ള രേഖകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. വാടക രജിസ്റ്റർ , ലേലം സംബന്ധിച്ച ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പല തൊഴിലുടമകളും ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റിലല്ല സമർപ്പിച്ചിട്ടുള്ളത്. ഇക്കാരണത്താൽ തൊഴിൽ നികുതി കണക്കാക്കിയിട്ടുള്ളത് കൃത്യമാണോയെന്ന് പരിശോധിക്കാൻ സാധ്യമല്ല.

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. അങ്ങനെ വിധേയനാകുന്ന വ്യക്തികൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 205 (ബി) പ്രകാരം തൊഴിൽ നികുതി അടവാക്കുന്നതിന് സ്ഥാപനത്തിനോ വ്യക്തികൾക്കോ സെക്രട്ടറി നോട്ടീസ് നൽകേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 57 മരാമത്ത് ജോലികൾക്കായി 15 കരാറുകാരെ തിരഞ്ഞെടുത്തിട്ടുള്ളതായും, 15 കരാറുകാരിൽ എല്ലാവരും 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുണ്ടെന്നും എഗ്രിമെന്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമാകുന്നു. കരാറുകാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് | ക്രമ നം. | കരാറുകാരുടെ പേര് |
|---|---|---|---|
| 1 | പി.വി. ജോർജ് | 9 | മോൻസി എബ്രഹാം |
| 2 | എൽദോ പി.വി. | 10 | സൂരജ് പി. ആർ. |
| 3 | രാജേഷ് എം. റ്റി. | 11 | അലക്സ് പി. വർഗീസ് |
| 4 | സജി എസ്. മടപ്പിള്ളി | 12 | എം. പി. മക്കാർ |
| 5 | ജോബി ജോസഫ് | 13 | കെ. വി. അവറാച്ചൻ |
| 6 | ടോളി മാത്യു | 14 | വിനോദ് കുമാർ ടി.പി. |
| 7 | പി. എം. എബ്രഹാം | 15 | സി. ആർ. വിജയൻ നായർ |
| 8 | ബേസിൽ എബ്രഹാം | | |

2021-22 സാമ്പത്തിക വർഷത്തിൽ ആകെ 57 മരാമത്ത് ജോലികൾക്കായി കരാറ് ഏറ്റെടുത്തിട്ടുള്ള മേൽ പട്ടികയിൽ പറഞ്ഞ 15 കരാറുകാരിൽ എത്രപേർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് (ഗ്രാമപഞ്ചായത്തിലോ, മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലോ) എന്നും തൊഴിൽ നികുതി അടവാക്കിയവരുടെ പേര് വിവരങ്ങൾ, തുക ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും, തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിലോ, മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലോ ഇവർ തുക അടവാക്കിയിട്ടില്ലാത്ത പക്ഷം തൊഴിൽ നികുതി ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നതിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 30.08.2022-ൽ നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ള മേൽ പട്ടികയിൽ പറഞ്ഞ 15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് ഒടുക്കിയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ സ്പോർട്സ് സെന്ററുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്പോർട്സ് സെന്ററുകൾ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം പുറത്തിറക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംശയങ്ങളും വസ്തുതകളും ഖണ്ഡിക 1.37 ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഐക്കരനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന “ഗെയിം ഓൺ അരീന (ഫുട്ബോൾ ടർഫ് ഗ്രൗണ്ട്)” എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് വിവരങ്ങൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും, നിലവിൽ പഞ്ചായത്ത് പരിധിയിൽ എത്ര സ്പോർട്സ് സെന്ററുകൾ (ടർഫ് ഗ്രൗണ്ടുകൾ ഉൾപ്പെടെ) ആകെ പ്രവർത്തിക്കുന്നുണ്ടെന്നും, പ്രസ്തുത സ്പോർട്സ് സെന്ററുകളിൽ എത്ര എണ്ണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് 30.08.2022-ൽ നൽകിയ 11-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ സ്പോർട്സ് സെന്റർ (ടർഫ് ഗ്രൗണ്ടുകൾ ഉൾപ്പെടെ) ആയി ആകെ മേൽ പറഞ്ഞ “ഗെയിം ഓൺ അരീന” എന്ന ഒരു സ്ഥാപനം മാത്രമാണ് പ്രവൃത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 2020, 2021, 2022 എന്നീ വർഷങ്ങളിൽ പെർമിറ്റിനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ ടി വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ പറഞ്ഞ ‘ഗെയിം ഓൺ അരീന’ എന്ന സ്ഥാപനം ഉൾപ്പെടെ ഒരു സ്ഥാപനത്തിനും പെർമിറ്റ് അനുവദിച്ചിട്ടില്ല എന്നുമാണ് വ്യക്തമാക്കിയത്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒന്നിലധികം സ്പോർട്സ് സെന്ററുകൾ (ടർഫ് ഗ്രൗണ്ടുകൾ ഉൾപ്പെടെ ) നിലകൊള്ളുന്നുണ്ട് എന്ന് ഗൂഗിൾ സെർച്ച് മുഖാന്തിരം വ്യക്തമാകുന്നു.
അനധികൃതമായി പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന സ്പോർട്സ് സെന്ററുകൾ, മറ്റു ഇതരസ്ഥാപനങ്ങൾ സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും, അത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയമാനുസൃതമുള്ള തുടർനടപടികൾക്ക് വിധേയമാക്കേണ്ടതും ആയതിന്റെ വിശദ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ഹജരാക്കേണ്ടതുമാണ്.

## 1-13 തനതുഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം നൽകിയത് ക്രമീകരിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാക്ഷരതാ പ്രേരക് മാരായി സേവനം നടത്തുന്നവരുടെ ഓണറേറിയം ജില്ലാ സാക്ഷരതാ മിഷനിൽ ഫണ്ടില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും, തനതു ഫണ്ടിൽ നിന്നും ഇപ്രകാരം മുൻകൂറായി നൽകുന്ന ഓണറേറിയം സാക്ഷരതാ മിഷനിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറക്ക് തനതു ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ (എം.എഫ്.) വകുപ്പിന്റെ 26.02.2021ലെ 626/2021 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകിനും 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയിട്ടുണ്ട്.

| വൌച്ചർ നം./തീയതി | തുക |
|---|---|
| 2100014/03.04.2021 | 16896 |
| 22100448//31.08.2021 | 9600 |
| 22100101/18.09.2021 | 8832 |
| ആകെ | 35328 |

തനതുഫണ്ടിൽ നിന്നും മേൽ വിശദീകരിച്ച പ്രകാരം സാക്ഷരതാ പ്രേരക് മാർക്ക് മുൻകൂറായി നൽകിയ ഓണറേറിയം ക്രമീകരിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 1/25.08.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറക്ക് സാക്ഷരതാ പ്രേരക് മാർക്ക് മുൻകൂറായി ഓണറേറിയം ഇനത്തിൽ നൽകിയ തുക തനതുഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 1-14 കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള സബ്സിഡി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള സബ്സിഡി |
| പ്രോജക്ട് നം. | S006/22 |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 300000/-<br>(വികസന ഫണ്ട് പൊതുവിഭാഗം 225000/-<br>ഗുണഭോക്തൃവിഹിതം - 75000/-) |
| ചെലവ് | 225000/- |
| ബിൽ നം | 293/21.03.2022 |

മേൽ സൂചിപിപിച്ച പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ കേരകർഷകരുടെ 3000 തെങ്ങിന്റെ മണ്ടയൊരുക്കി മരുന്നൊഴിച്ചതിന് ഐക്കരനാട് കേരസമിതി കാർഷിക കർമ്മസേനക്ക് 225000/- രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) 14.02.2018ലെ സ. ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ. സബ്സിഡി മാർഗരേഖയിലെ ഖ. 6.1.15 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ തെങ്ങുകളുടെ കീടരോഗബാധയും, നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുകയും, മേൽ ഉദ്യോഗസ്ഥൻ ആയത് അംഗീകരിക്കുകയും വേണം. പ്രസ്തുത റിപ്പോർട്ട് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടേയും തീരുമാനത്തിന് വിധേയമായിട്ടുമാണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ, ഇപ്രകാരം തയ്യാറാക്കി അംഗീകരിച്ച റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെയോ, കാർഷിക കർമ്മസേനക്ക് നൽകിയതിന്റെയോ വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

3) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

മേൽ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/30.08.2022), പദ്ധതി മേലുദ്യോഗസ്ഥൻ വെറ്റ് ചെയ്തിട്ടുള്ളതാണെന്നും, ഗുണഭോക്തൃവിഹിതം കാർഷിക കർമ്മസേന നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണെന്നും, പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, കീടരോഗബാധയും, നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച് കൃഷി ഓഫീസർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി മേലുദ്യോഗസ്ഥൻ അംഗീകരിച്ച് സ്റ്റാൻഡിംഗ് കമ്മറ്റിയും, ഭരണസമിതിയും പരിശോധിച്ച് വേണം പദ്ധതി നടപ്പാക്കാൻ എന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ഗുണഭോക്തൃവിഹിതം നേരിട്ട് കാർഷിക കർമ്മസേനക്ക് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദേശം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പട്ടികാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് - ടെൻഡർ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് |
| പ്രോജക്ട് നം | S0087/21 |
| അടങ്കൽ | 103986/- (വികസനഫണ്ട് എസ് സി പി – 73986/- ഗുണഭോക്തൃ വിഹിതം -30000/-) |
| ചെലവ് | 98670/- |
| ബിൽ നം/തീയതി | 40/03.09.2021 |

അസിസ്റ്റന്റ് സെക്രട്ടറി സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 33 പട്ടികജാതി കുടുംബങ്ങൾക്ക് 2990/- രൂപ വിലയയുള്ള പിവിസി വാട്ടർടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. ARTCO ലിമിറ്റഡ്-ന്റെ 03.09.2021 ലെ ഇൻവോയ്സ് നം. 39 പ്രകാരം 98670/-രൂപയുടെ പിവിസി വാട്ടർടാങ്കുകൾ ടെൻഡർ നടപടി കൂടാതെ നേരിട്ട് വാങ്ങിയതിന്റെ രേഖകളാണ് ഫയലിൽ ചേർത്തിട്ടുള്ളത്. പി.വി.സി. വാട്ടർടാങ്കുകൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(പി.) നം.2/2018 എസ്.പി.ഡി. തീയതി 28.04.2018, സ.ഉ.(പി.) നം.7/2019 എസ്.പി.ഡി. തീയതി 26.04.2019 എന്നിവ പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ ജെം മുഖേന ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിച്ചില്ല.
2. പദ്ധതിയിൽ ARTCO യിൽ നിന്ന് ടെൻഡർ നടപടി കൂടാതെ നേരിട്ട് ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ. (ആർ.ടി.) നം.27/2020/എസ്.പി.ഡി. തീയതി 31.12.2020 ഉത്തരവ് പ്രകാരം ഈ ഉത്തരവിൽ ചേർത്തിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനം ഉല്പാദിപ്പിക്കാത്ത ഉല്പന്നങ്ങൾ പുറമെ നിന്ന് വാങ്ങി സപ്ലൈ ചെയ്യുന്നില്ലെന്ന് പർച്ചേസിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പി.വി.സി. വാട്ടർടാങ്കുകൾ ഈ ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ ഉപകരണങ്ങൾ ARTCO നിർമ്മിച്ചവയാണോയെന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ടെൻഡർ നടപടി സ്വീകരിക്കാതെ വാട്ടർ ടാങ്കുകൾ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/30.08.2022) മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് വാങ്ങൽ നടപടികളിലേർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - സ്കോളർഷിപ്പ് തുക അധികം നൽകി

അസി. സെക്രട്ടറി നടപ്പാക്കിയ സർക്കാർ അംഗീകൃത റെഗുലർ കോഴ്സുകൾ പഠിക്കുന്ന എസ്.സി. കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോക്ടിൽ വിവിധ സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന 35 എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 14.02.2018ലെ സ.ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ. സബ്സിഡി മാർഗരേഖയിലെ ഖ. 2.2.5 പ്രകാരം പോളിടെക്നിക് കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് 20000/- രൂപയാണ്. എന്നാൽ, തൊടുപുഴ അൽ അസ്ഹർ എഞ്ചിനയറിംഗ് & പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ പോളിടെക്നിക് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന അശ്വിൻ മനോജ് (കോഴിക്കാട്ടിൽ, പാങ്കോട്) എന്ന വിദ്യാർഥിക്ക് 25000/- രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിലെ നിർദേശത്തിലും അധികമായി സ്കോളർഷിപ്പ് തുക 5000/- രൂപ അധികം നൽകി. വിശദ വിവരങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്

## 1-17 കരാറുകാരന് അധികം തുക നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | പുതുപ്പാടിത്താഴം കനാൽ ബണ്ട് റോഡ്, റീ-ടാറിംഗ് (വാർഡ് 9) - 191/22 |
| അടങ്കൽ | ₹ 1,30,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | ₹ 1,30,000/-(ബിൽ നം. 24/27.3.22) |
| കരാറുകാരൻ | പി.എം. അബ്രഹാം |

അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിക്ക് കരാറുകാരൻ 5% കുറവ് നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. ആകെ പ്രവൃത്തി മൂല്യം ₹ 1,15,437.05 വന്ന ഈ പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ, കരാറുകാരൻ ക്വോട്ട് ചെയ്തിരുന്ന 5% ടെണ്ടർ കുറവ് ബില്ലിൽ നിന്ന് കിഴിക്കേണ്ടതിന് പകരം 9.99% ടെണ്ടർ അധികം കൂട്ടി കരാറുകാരന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം കരാറുകാരന് അധികമായി ₹7,175/- അനുവദിക്കാനിടയായി വിശദവിവരം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-18 കാലി ബാരലിന്റ വിലയും ജി.എസ്.റ്റിയും ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

ഓഡിറ്റ് വർഷത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകളിൽ നിന്നും കാലി ബാരലിന്റെ വിലയും അതിന്റെ 18% ജി.എസ്.റ്റി തുകയും ഈടാക്കി ആയത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം അനുവർത്തിക്കുന്നത് എന്ന് കാണുന്നു. ഏത് ഫണ്ട് ഉപയോഗിച്ചാണോ പ്രവൃത്തി നടപ്പാക്കുന്നത്, അതേ ഫണ്ടിലേക്കാണ് പ്രസ്തുത തുക അടവാക്കേണ്ടതെന്നിരിക്കെ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്കാണ് തുകകൾ അടവാക്കിയിട്ടുള്ളത്. ഈയിനത്തിൽ ട്രഷറി അക്കൗണ്ടിൽ ലഭ്യമായിട്ടുള്ള തുകകൾ ഏത് വിധത്തിലാണ് വിനിയോഗിച്ചതെന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 7/26.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശ പ്രകാരം മാത്രം പ്രവൃത്തികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം ₹1,000/-, മാക്സിമം ₹25,000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|---|
| 1 | ചളക്കാട്ടിത്താഴം – കാരിക്കുഴിപ്പാടം റോഡ് റീ-ടാറിംഗ് – സംരക്ഷണ ഭിത്തി നിർമ്മാണം (88/22) പി.എ.സി ₹401572/- പ്രവൃത്തിമൂല്യം ₹432577/- ബിൽ നം. 02/08.07.2021 | അലക്സ്.പി. വർഗ്ഗീസ് | 18.09.2020 02.10.2020 | 28.10.2020 | ₹4,015 |
| 2 | തോന്നിക്ക കരിപ്പത്താഴം റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (95/22) പി.എ.സി₹123914 പ്രവൃത്തിമൂല്യം₹ 137520 ബിൽ നം. 08/06.09.2021 | മോൻസി എബ്രഹാം | സെലക്ഷൻ നോട്ടീസിൽ തീയതി ഇല്ല. പക്ഷേ, 28.11.2019ന് മുൻപ് എഗ്രിമെന്റ് വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് | 27.03.2020 | ₹1,239 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 14) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട ₹5,254/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു

വിവിധ പ്രൊജക്റ്റുകളിലായി മരുന്ന് വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പണം ചെലവഴിച്ചുവെങ്കിലും

മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

### 1-20-1 ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റ് നം .,പേര് | 0030 / 22 , ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000 /- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 3,00,000 /- ബിൽ നം.77 / 22.10.21 |
| നിർവഹണഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം HOMCO യ്ക്ക് 3,00,000 /- രൂപ കൈമാറിയിട്ടുണ്ട് .

മരുന്ന് ലഭിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ വിശദാംശം

ബിൽ നം.77/22.10.21 – 3,00,000 /- രൂപ

(പ്രൊഫോർമ ഇൻവോയ്സ് നം. PF 589/18.09.21 പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിന് )

മരുന്ന് ലഭിച്ചതിന്റെ വിവരം

I) ക്യാഷ് ഇൻവോയ്സ് LF 587/26.08.22 - 85414 /- രൂപ

Ii) ക്യാഷ് ഇൻവോയ്സ് LF 2694/17.03.22 – 1,12,126 /- രൂപ

അതായത് ആകെ 1,97,540 /- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത് .

അവശേഷിക്കുന്ന തുക 1,02,460 /- രൂപ .

(എൻക്വയറി നം.3 / 25.08.22).

### 1-20-2 പാലിയേറ്റീവ് കെയർ പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 0050/22 , പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | 6,50,000 /- (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 6,50,000 /- |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സിഎച്ച്സി ,കടയിരുപ്പ് |

മരുന്ന് ലഭിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

I)ബിൽ നം.13/21-22 ; 15.02.22 -1,50,000 /- രൂപ

(KMSCL ന്റെ പ്രൊഫോർമ ഇൻവോയ്സ് PRF 3459/22.11.21 പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിന് )

Ii) ബിൽ നം.15/21-22 ; 14.03.22 - 9999 /- രൂപ

(KMSCL ന്റെ പ്രൊഫോർമ ഇൻവോയ്സ് PRF 6612/07.03.22 പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിന്)

ആകെ ചെലവഴിച്ചത് 1,59,999 /- രൂപ

മരുന്ന് ലഭിച്ചതിന്റെ വിവരം

I) ക്യാഷ് ഇൻവോയ്സ് നം. 1403/01.05.22 – 14798 /-

Ii) ക്യാഷ് ഇൻവോയ്സ് നം. 1404/01.05.22 – 4363 /-

Iii) ക്യാഷ് ഇൻവോയ്സ് നം. 4208/11.06.22 – 36504 /-

അതായത് ആകെ 55665 /- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത് .

അവശേഷിക്കുന്ന തുക 1,04,334 /- രൂപ .

(എൻക്വയറി നം. 4/25.08.22)

### 1-20-3 പാലിയേറ്റീവ് കെയർ പദ്ധതി (സ്പിൽ ഓവർ)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 0079/22 , പാലിയേറ്റീവ് കെയർ പദ്ധതി (സ്പിൽ ഓവർ) |
| അടങ്കൽ | 86,199/- (വികസനഫണ്ട് - ജനറൽ) ; 22 /- (തനത് ഫണ്ട്) [ആകെ അടങ്കൽ 86,221 /- രൂപ ] |
| ചെലവ് | 82,675 /-(വികസനഫണ്ട് - ജനറൽ) |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സിഎച്ച്സി ,കടയിരുപ്പ് |

മരുന്ന് ലഭിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

ബിൽ നം .6/21-22 ; 12.10.21 – 23,000 /- രൂപ

(KMSCL ന്റെ പ്രൊഫോർമ ഇൻവോയ്സ് PRF 5217/03.10.21പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിന് )

മരുന്ന് ലഭിച്ചതിന്റെ വിവരം

I) ക്യാഷ് ഇൻവോയ്സ് നം. 15273/29.03.22– 5431 /-

Ii) ക്യാഷ് ഇൻവോയ്സ് നം. 692/21.04.22 – 4881 /-

അതായത് ആകെ 10312 /- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത് .

അവശേഷിക്കുന്ന തുക 12,688 /- രൂപ.

(എൻക്വയറി നം. 4/25.08.22)

ഈ മൂന്ന് പ്രൊജക്ടുകളിലായി മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന തുകയായ 2,19,482/- രൂപയുടെ മരുന്ന് ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നത് വരെ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-21 എസ്റ്റിമേറ്റ് ഇല്ലാതെ നിർവ്വഹണ ഏജൻസിക്ക് തുക നൽകി

സ്ട്രീറ്റ്മെയിൻ വലിക്കൽ എന്ന പ്രവൃത്തി ചെയ്യുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ മുൻകൂറായി തുക നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പ്രോജക്റ്റിന്റെ പേര് | 238/22<br>സ്ട്രീറ്റ് മെയിൻ വലിക്കൽ – ഡെപ്പോസിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1693900/- |
| ചെലവ് | ₹1106250/- |
| ഫണ്ടിനം | ₹481500/-(പൊതുവിഭാഗം സാധാരണ വിഹിതം)<br>₹624750/-(CFC Grant) |
| ചെലവ് വിവരം | ബിൽ നം.320/26.3.22-₹481500<br>ബിൽ നം.351/30.3.22 – ₹624750 |

എന്നാൽ ഇത്രയും വലിയ തുകയുള്ള നിക്ഷേപ പ്രവൃത്തി ചെയ്യുന്നതിന് വിശദമായ ഒരു എസ്റ്റിമേറ്റ് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കിയതായി കാണുന്നില്ല. പ്രവൃത്തിയുടെ നടത്തിപ്പിന് എത്ര തുക, ഏതെല്ലാം വിധത്തിൽ ആവശ്യമായി വരുമെന്നത് തീരുമാനിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് അത്യന്താപേക്ഷിതമാണെന്നിരിക്കെ, അതിന്റെ അഭാവത്തിലാണ് തുക നൽകിയിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം.5/25.08.2022) നൽകിയെങ്കിലും കൃത്യമായ വിശദീകരണം മറുപടിയിൽ നിന്നും ലഭിച്ചില്ല. കൃത്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന് ശേഷം പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെടുന്നതിനും അതിന് ശേഷം തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികൾക്കായി താഴെ പറയുംവിധം തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

| | | | | |
|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ/ പ്രോജക്റ്റിന്റെ പേര് | 45/22<br>കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ – ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 45/22<br>നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 48/22<br>സ്ക്രീനിംഗ് ഓഫ് ഇയേർലി ഇൻവെൻഷൻ സെന്റർ – ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 02/22 ഐ.കെ.എം. വിഹിതം അടവാക്കൽ |
| അടങ്കൽ | ₹12500/- | ₹124000/- | ₹20000/- | ₹75000/- |
| ചെലവ് | ₹12500/- | ₹124000/- | ₹20000/- | ₹66153/- |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണവിഹിതം | പൊതുവിഭാഗം സാധാരണവിഹിതം | പൊതുവിഭാഗം സാധാരണവിഹിതം | പൊതുവിഭാഗം സാധാരണവിഹിതം |
| ചെലവ് വിവരം | ബിൽ നം.303/24.3.22 | ബിൽ നം.215/15.2.22 | ബിൽ നം.118/14.12.21 | ബിൽ നം.57/30.09.21 |
| തുക കൈപ്പറ്റിയ ഏജൻസി | ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ഇൻഫർമേഷൻ കേരള മിഷൻ |

മേൽ പദ്ധതികൾക്കായി ചെലവാക്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 6/25.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുക ₹2,22,653/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-23 ചെലവഴിച്ച തുകയുള്ള പ്രിന്റർ ലഭ്യമായില്ല

<table>
<tr><td>പ്രൊജക്ട് നം , പേര്</td><td colspan="2">0052/22 , ഹോമിയോ ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ</td></tr>
<tr><td>അടങ്കൽ</td><td colspan="2">1,00,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)</td></tr>
<tr><td rowspan="5">ചെലവ്</td><td rowspan="5">99,943 /-</td><td>1)ബിൽ നം.241/ 10.03.22 – 40,000 /-</td></tr>
<tr><td>2)ബിൽ നം.242/ 10.03.22 –12,953 /-</td></tr>
<tr><td>3)ബിൽ നം.243/ 10.03.22 – 37,490 /-</td></tr>
<tr><td>4)ബിൽ നം.282/ 20.03.22 – 7500 /-</td></tr>
<tr><td>5)ബിൽ നം.283/ 10.03.22 – 2000 /-</td></tr>
<tr><td>നിർവഹണഉദ്യോഗസ്ഥൻ</td><td colspan="2">ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ)</td></tr>
</table>

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്റ്റീൽ അലമാര , മേശ, ടോക്കൺ സിസ്റ്റം ,പ്രിന്റർ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിന് 99,943 /- രൂപ പിൻവലിച്ചിട്ടുണ്ട് . എന്നാൽ താഴെ പറയുന്നവ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ.

| ക്രമ നം. | ഇനം | ഇൻവോയ്സ് വിവരം (നം.,തീയതി , സ്ഥാപനം) | തുക |
|---|---|---|---|
| 1 | ടോക്കൺ സിസ്റ്റം | MMS-29A / 10.03.22-Metro Medi Systems, Kolenchery | 7,500/- |
| 2 | ഇൻവർട്ടർ | C412 / 08.03.22 - Power Point , Kolenchery | 22,500/- |
| 3 | വാട്ടർ പ്യൂരിഫയർ , പാത്രങ്ങൾ | KOLB2C5205 / 08.03.22 – Ammini Traders , Kolenchery | 14,990/- |
| 4 | B P അപ്പാരറ്റസ് | LCS 312 / 10.03.22- Life Care Surgicals , Kolenchery | 2,000/- |
| 5 | അലമാര, മേശ | 523/02.03.22 – ARTCO , Alappuzha | 40,000/- |
| ആകെ | | | 86,990/- |

അവശേഷിക്കുന്ന 12,953/- യുടെ ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.2/25.08.22)ഹാജരാക്കിയ മറുപടിയിൽ ഇ-ഗവേർണൻസ് IT പ്രൊക്യൂർമെന്റ് പോർട്ടലായ *Cprcs.kerala.gov.in* മുഖേന പ്രിന്റർ വാങ്ങുന്നതിന് തുക നല്കിയിട്ടുള്ളതാണെങ്കിലും സ്റ്റോക്ക് ഇല്ലാത്തതിനാൽ ലഭ്യമായിട്ടില്ലെന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചു. ഉപകരണം ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 12,953/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രിന്റർ ലഭ്യമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വിവരമറിയിക്കേണ്ടതുമാണ് .

### 1-24 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

05.06.2018ൽ നടന്ന ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നത്. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം ഉണ്ട്. അദാലത്തിൽ 2006-07 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കി. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - സ്കോളർഷിപ്പ് തുക അധികം നൽകി

| | |
|---|---|
| പ്രോക്ട് | സർക്കാർ അംഗീകൃത റെഗുലർ കോഴ്സുകൾ പഠിക്കുന്ന എസ്.സി. കുട്ടികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്റ്റ് നം. | S0015/22 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹9,30,000/- (വികസന ഫണ്ട് എസ്.സി.പി. ₹7,70,000/, തനതുഫണ്ട് ₹1,60,000/-) |
| ചെലവ് | ₹ 7,70,000/- |
| ബിൽ നം / തുക | 56/30.09.2021 – ₹ 4,65,000/-<br>81/01.11.2021 – ₹ 2,45,000/-<br>124/17.12.2021 – ₹ 40,000/-<br>182/17.01.2022 - ₹ 20,000/- |

വിവിധ സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന 35 എസ് സി വിദ്യാർഥികൾക്ക് മേൽ സൂചിപ്പിച്ച പ്രോജക്ടിൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 14.02.2018ലെ സ. ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ. സബ്സിഡി മാർഗരേഖയിലെ ഖ. 2.2.5 പ്രകാരം പോളിടെക്നിക് കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് 20000/- രൂപയാണ്. എന്നാൽ, തൊടുപുഴ അൽ അസ്ഹർ എഞ്ചിനയറിംഗ് & പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ പോളിടെക്നിക് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന അശ്വിൻ മനോജ് (കോഴിക്കാട്ടിൽ, പാങ്കോട്) എന്ന വിദ്യാർഥിക്ക് 25000/- രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിലെ നിർദേശത്തിലും അധികമായി സ്കോളർഷിപ്പ് തുക 5000/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/27.08.2022) അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താവിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ആയതിനാൽ, അധികം നൽകിയ സ്കോളർഷിപ്പ് തുക 5000/- രൂപ ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ടെണ്ടർ കുറവ് ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ അധികം കണക്കാക്കി തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | പുതുപ്പാടിത്താഴം കനാൽബണ്ട് റോഡ് റീ ടാറിംഗ് (വാർഡ് 9) - 191/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | ₹ 1,30,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | ₹ 1,30,000/-(ബിൽ നം. 24/27.3.22) |
| കരാറുകാരൻ | പി.എം.അബ്രഹാം. |

ഈ പ്രവൃത്തിക്ക് കരാറുകാരൻ 5% കുറവ് നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. ആകെ പ്രവൃത്തി മൂല്യം ₹1,15,437.05 വന്ന ഈ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരവും, നൽകേണ്ട തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| നൽകിയ തുക | | നൽകേണ്ട തുക | |
|---|---|---|---|
| പ്രവൃത്തി മൂല്യം | ₹1,15,437/- | പ്രവൃത്തി മൂല്യം | ₹1,15,437/- |
| ടെണ്ടർ അധികം (9.99%) | ₹11,532/- | ടെണ്ടർ കുറവ് (5%) | ₹5,772/- |
| ആകെ | ₹1,26,969/- | ആകെ | ₹1,09,665/- |
| കൂട്ടുക 12% GST | ₹15,236/- | കൂട്ടുക 12% GST | ₹13,160/- |
| ആകെ | ₹1,42,205 Limited To ₹1,30,000/- | ആകെ | ₹1,22,825/- |
| വ്യത്യാസം 1,30,000 – 1,22,825 = 7,175/- | | | |

ഈ പ്രവൃത്തിയിൽ കരാറുകാരന് അധികമായി ₹7,175/- അനുവദിക്കാനിടയായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 15/30.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കരാറുകാരന് അധികം നൽകിയ ₹7,175/- തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികകണക്കുകൾ പരിശോധിച്ചത്. | | |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | നല്കിയ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 12,60,000 | ലൈഫ് ഭവനപദ്ധതി -പട്ടികജാതി | 12,60,000 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 |
| ആകെ | 15,60,000 | ആകെ | 15,60,000 |

.

| വിഹിതം നല്കിയ സ്ഥാപനം | നല്കിയ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ലൈഫ് ഭവനപദ്ധതി -പട്ടികജാതി | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,56,342 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 5,56,342 |
| ആകെ | 11,56,342 | ആകെ | 11,56,342 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഏഴിപ്പുറം കമ്മ്യൂണിറ്റി ഹാൾ കണക്ഷൻ ചാർജ് | 14044/- | 22100643/27.10.21 | 0 | 14044 /- |
| | വാർഡ് 5 ൽ മസഗട്ടൂർ സബ്സെന്റർ കണക്ഷൻ ചാർജ് | 4071/- | 22100644/27.10.21 | 0 | 4071 /- |
| | പ്രൊജക്ട് നം.48/22 ൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 16048/- | 22101108/07.02.22 | 0 | 16048 /- |
| | കടകളുടെ വൈദ്യുതി കണക്ഷൻ ചാർജ് | 9162/- | 22101284/15.03.22 | 0 | 9162 /- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 481500/- | 22101401/26.03.22 | 0 | 481500 /- |
| | ലൈൻ എക്സ്റ്റൻഷൻ | 624750/- | 22101397/30.03.22 | 0 | 624750 /- |
| ആകെ | | 11495475/- | | 0 | 1149575 /- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുക ഈടാക്കാതിരുന്നതിനാലോ കുറവ് ഈടാക്കിയതിനാലോ പരാമർശിച്ചിരുന്നവയിൽ തൻവർഷം 1,02,520/- രൂപ ഈടാക്കിയിട്ടുണ്ട്.ഈടാക്കിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഈടാക്കിയ തുക | ഒടുക്കിയത് | രസീത് നം.,തീയതി |
|---|---|---|---|---|---|---|
| 1 | 2007-08, 2008-09, 2010-11 | 3-1 | ടാർ വില അധികം വാങ്ങിയത് | 13,706 /- | പി.എ.ജയരാജൻ , റിട്ട. എ ഇ,LSGD | 12101013762 , 06.12.21 |
| 2 | 2007-08, 2008-09, 2010-11 | 3-2 | കരാറുകാരന്റെ ലാഭം കൺവീനർക്ക് നല്കിയത് | 4,759 /- | പി.എ.ജയരാജൻ , റിട്ട. എ ഇ,LSGD | 12101013763 , 06.12.21 |
| 3 | 2007-08, 2008-09, 2010-11 | 3-7 | മരാമത്ത് ബില്ലിൽ നികുതി കുറവ് ഈടാക്കിയത് | 1,238 /- | പി.എ.ജയരാജൻ , റിട്ട. എ ഇ,LSGD | 12101013764 , 06.12.21 |
| 4 | 2012-13, 2013-14 | 3-6 (1) | അധിക ശമ്പളം അനുവദിച്ചു. | 764 /- | പി.എ.സോമൻ, ഹെഡ് ക്ലർക്ക് | 121010103431 , 20.11.21 |
| 5 | 2012-13, 2013-14 | 3-6(2) | അധിക ശമ്പളം അനുവദിച്ചു. | 823 /- | സുരേഷ് ബാബു, അക്കൗണ്ടന്റ് | 121010102508 , 01.10.21 |
| 6 | 2015-16 | 2-4 | ലൈസൻസ് ഫീസ്,തൊഴിൽ നികുതി ഈടാക്കിയില്ല | 880 /- | എൻ.ജി.രാധാകൃഷ്ണൻ, ദിൽദിയ ഓട്ടോമൊബൈൽസ് | 121010103874 , 09.12.21 |
| 7 | 2016-17 | 3-4(1) | ടാർ ബാരലിന്റെ കാലി വീപ്പയുടെ വില ഈടാക്കിയില്ല . | 4,248 /- | പി.ജി.വർഗീസ്, കൺവീനർ | 121010105106 , 17.01.22 |
| 8 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി | 1,410 /- | സെക്രട്ടറി , പാങ്ങോട് ക്ഷീരോത്പാദക | 121010103781 , 09.12.21 |

| | | | | | | |
|---|---|---|---|---|---|---|
| | | | ഈടാക്കിയില്ല | | സഹകരണസംഘം | |
| 9 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1,344/- | സെക്രട്ടറി , കടയിരുപ്പ് ക്ഷീരോത്പാദക സഹകരണസംഘം | 121010103782 , 09.12.21 |
| 10 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 672 /- | സെക്രട്ടറി ,ഐക്കരനാട് ക്ഷീരോത്പാദക സഹകരണസംഘം | 121010103783 , 09.12.21 |
| 11 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 24,554 /- | മാനേജർ, ഗാർഡിയൻ പബ്ലിക് സ്കൂൾ | 121010103890 , 10.12.21 |
| 12 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 396 /- | സെക്രട്ടറി ,കടമറ്റം ക്ഷീരോത്പാദക സഹകരണസംഘം | 121010103923 , 13.12.21 |
| 13 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 540 /- | ക്ഷീരോത്പാദക സഹകരണസംഘം ,പഴന്തോട്ടം | 121010103769 , 06.12.21 |
| | | | | 480 /- | | 121010103768 , 06.12.21 |
| 14 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 1,680 /- | സെക്രട്ടറി ,പാങ്ങോട് ക്ഷീരോത്പാദക സഹകരണസംഘം | 121010104014 , 17.12.21 |
| 15 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 1,344 /- | സെക്രട്ടറി ,കടയിരുപ്പ് ക്ഷീരോത്പാദക സഹകരണസംഘം | 121010104015 , 17.12.21 |
| 16 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 1,344 /- | സെക്രട്ടറി ,ഐക്കരനാട് ക്ഷീരോത്പാദക സഹകരണസംഘം | 121010104016 , 17.12.21 |
| 17 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 1,344 /- | സെക്രട്ടറി,ക്ഷീരോത്പാദക സഹകരണസംഘം ,പഴന്തോട്ടം | 121010104017 , 17.12.21 |
| 18 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 672 /- | സെക്രട്ടറി ,കടമറ്റം ക്ഷീരോത്പാദക സഹകരണസംഘം | 121010104018 , 17.12.21 |
| 19 | 2017-18 | 2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല . | 645 /- | സെക്രട്ടറി ,ഏഴിപ്രം ക്ഷീരോത്പാദക സഹകരണസംഘം | 121010104523 , 04.01.22 |
| 20 | 2017-18 | 2-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 990 /- | സെക്രട്ടറി ,ഏഴിപ്രം ക്ഷീരോത്പാദക സഹകരണസംഘം | 121010104524 , 04.01.22 |
| 21 | 2019-20 | 1-14(1) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല . | 7,200 /- | മാനേജർ , ഫിയ പാക്കേജിംഗ് | 121010106129 , 24.02.22 |
| 22 | 2019-20 | 1-14(2) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല -ഒന്നാം അർദ്ധവർഷം | 2,910 /- | മന്ന ടയേർസ് | 121010105237 , 19.01.22 |
| 23 | 2019-20 | 1-14(2) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല -രണ്ടാം അർദ്ധവർഷം | 2,910 /- | മന്ന ടയേർസ് | 121010105238 , 19.01.22 |
| 24 | 2019-20 | 1-14(3) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല -ഒന്നാം അർദ്ധവർഷം | 7,000 /- | മെഗാടെക്ക് പോളിമേർസ് | 121010101272 , 02.08.21 |
| 25 | 2019-20 | 1-14(3) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല – രണ്ടാം അർദ്ധവർഷം | 6,700 /- | മെഗാടെക്ക് പോളിമേർസ് | 121010101286 , 02.08.21 |

| | | | | | | |
|---|---|---|---|---|---|---|
| 26 | 2019-20 | 1-21(2) | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല . | 2,500 /- | മാവേലി സ്റ്റോർ , പഴന്തോട്ടം | 121010101156 , 27.07.21 |
| 27 | 2019-20 | 1-30 | ടാർ ബില്ലിന്റെ GSTഈടാക്കിയില്ല . | 9,467 /- | അസിസ്റ്റന്റ് എൻജിനിയർ , LSGD | 121010100904 , 12.07.21 |
| ആകെ ഈടാക്കിയത് | | | | 1,02,520 /- | | |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,52,60,876 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 10,16,358 |
| ആകെ | 1,62,77,234 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,62,77,234 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

കോലഞ്ചേരിയിലെ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചിൽ താഴെ പറയുന്ന മൂന്ന് അക്കൗണ്ടുകളിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത് .

| ക്രമ നം . | അക്കൗണ്ട് നം. | തുക |
|---|---|---|
| 1 | 7381000000001 | 2,04,187/- |
| 2 | 7385000000002 | 96,43,828/- |
| 3 | 7385000000003 | 64,29,219/- |
| ആകെ | | 1,62,77,234/- |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2015-16 | അനുബന്ധം-5 | തൊഴിൽ നികുതി | തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല .

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,04,18,934.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,86,17,047.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,175/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,55,088/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5000 | അബ്ദുൾ ലത്തീഫ് പി എം, അസി. സെക്രട്ടറി |
| 3-2 | | 7175 /- | അജയകുമാർ.എ.വി. അസി. എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 12,175 /- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20-1 | 1,02,460/- | ഡോ.ശ്രീജിത്ത് എസ്., മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, കടയിരുപ്പ് |
| 1-20-2 | 1,04,334/- | ഡോ. അനീഷ് ബേബി , മെഡിക്കൽ ഓഫീസർ , സാമൂഹികാരോഗ്യകേന്ദ്രം, കടയിരുപ്പ് |
| 1-20-3 | 12,688/- | ഡോ. അനീഷ് ബേബി , മെഡിക്കൽ ഓഫീസർ , സാമൂഹികാരോഗ്യകേന്ദ്രം, കടയിരുപ്പ് |
| 1-22 | 2,22,653/- | സോമൻ പി.എ., സെക്രട്ടറി |
| 1-23 | 12,953/- | ഡോ. ശ്രീജിത്ത് എസ്., മെഡിക്കൽ ഓഫീസർ , ഹോമിയോ ഡിസ്പെൻസറി, കടയിരുപ്പ് |
| ആകെ | 4,55,088/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സോമൻ.പി.എ | സെക്രട്ടറി, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പള്ളിപ്പാടം, അല്ലപ്ര, വെങ്ങോല, എറണാകുളം 683556 |
| ശ്രീ. അബ്ദുൾ ലത്തീഫ് പി എം, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പരേത്തിക്കുടി,പാത്തിപ്പാലം, കണ്ടംതറ, അല്ലപ്ര പി ഒ, പെരുമ്പാവൂർ |
| ശ്രീ. അജയകുമാർ.എ.വി. | അസി. എഞ്ചിനീയർ, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | ആലിൻചുവട്ടിൽ വീട്, ഇരുമ്പനം.പി.ഒ., |
| ഡോ. ശ്രീജിത്ത് എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി കടയിരുപ്പ് ഐക്കരനാട് ഗ്രാമപഞ്ചായത്ത് | മാമ്പിള്ളി വീട്, എടമറ്റം. പി.ഒ. , തൃശ്ശൂർ. പിൻ 680568 |
| ഡോ. അനീഷ് ബേബി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടയിരുപ്പ്, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പടിഞ്ഞാക്കരപുത്തൻപുര, പാമ്പാക്കട.പി.ഒ., മേമുറി. പിൻ 686667 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 2007-08, 2008-09, 2010-11 | 3-1,3-2,3-5, 3-7 | കെ.എസ്.എ.ഇ.കെ.എം.പി1/ 636(i)/2019/ 9.7.19 |
| 2009-10 | 3-4,3-6,3-9 | കെ.എസ്.എ.ഇ.കെ.എം . പി1/636(i)/2019/ 9.7.19 |
| 2011-12 | 3-1, 3-3, 3-5(2),(3) | കെ.എസ്.എ.ഇ.കെ.എം. പി1/ 636(i)/2019/ 9.7.19 |
| 2012-13& 13-14 | 2-1, 2-2(1), 3-3(1), 3-2, 3-4, 3-5, 3-6, 3-8, 3-9, 3-11, 3-13, 3-17, 3-19, 3-21, 3-22 | കെ.എസ്.എ.ഇ.കെ.എം. പി1/ 234/2018/ 24.5.19 |

| | | |
|---|---|---|
| 2014-15 | 3-2,3-3,3-6 | കെ.എസ്.എ.ഇ.കെ.എം.പി1/ 235/2018/ 16.2.18 |
| 2015-16 | 2-2,3-1,3-2,3-6,3-8 | കെ.എസ്.എ.ഇ.കെ.എം.പി1/236/2018/ 15.2.18 |
| 2016-17 | 2-5, 2-6, 2-7, 2-8(2), 3-1, 3-4, 3-5, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020/ 24.11.20 |
| 2017-18 | 2-1, 2-2, 3-6, | കെ.എസ്.എ.ഇ.കെ.എം. പിജി/1071/2020/ 24.11.20 |
| 2018-19 | 1-14, 1-16, 1-17, 1-19, 1-21, 1-22, 1-23, 1-24, 3-1 | കെ.എസ്.എ.ഇ.കെ.എം. പി1/655/ 20/ 4.8.2020 |
| 2019-20 | 1-1 മുതൽ 1-30 | കെ.എസ്.എ.ഇ.കെ.എം. പി1/724/ 21/ 30.6.2021 |
| 2020-21 | 1-1മുതൽ 1-23 വരെ 2-1, 3-1 | കെഎസ്എ-ഇകെഎം 1954/21/29.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്